ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03-03-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) വിവിധ രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാര കരാറുകൾ ഇന്ത്യയ്ക്ക് മുന്നിൽ അവസരങ്ങളുടെ വിശാല ജാലകം തുറന്നിടുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi said that Free Trade Agreements with various countries are opening a wide window of opportunities for India**

2) പശ്ചിമേഷ്യയിൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു. ദുബായിൽ നിന്നും അബുദാബിയിൽ നിന്നും ഇന്ത്യയിലേക്കുള്ള വിമാന സർവീസുകൾ പുനരാരംഭിച്ചു.

**Tensions continue to escalate in West Asia. Flight services to India from Dubai and Abu Dhabi have resumed.**

3) ആറ്റുകാലമ്മയ്ക്ക് പൊങ്കാലയർപ്പിച്ച് ഭക്തലക്ഷങ്ങൾ. പ്രാർത്ഥനാ സാന്ദ്രമായി തിരുവനന്തപുരം നഗരം.

**Lakhs of devotees offered Pongala to Attukal Amma. Thiruvananthapuram city was immersed in deep devotional fervor.**

4) ജ്യോതിശാസ്ത്ര പ്രതിഭാസങ്ങളിൽ അപൂർവ കാഴ്ചയായി ഇന്ന് പൂർണ്ണ ചന്ദ്രഗ്രഹണം

**A rare celestial spectacle, a total lunar eclipse will take place across several time zones today.**

5) ലോക വന്യജീവി ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രിയുൾപ്പെടെയുള്ള പ്രമുഖർ.

**On World Wildlife Day, prominent leaders, including the Prime Minister, extended their greetings**

6) **ICC** ട്വന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം.

**ICC Twenty-20 World Cup semi-final matches will begin tomorrow.**

$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PM - WEBINAR (intro)**

*ശക്തമായ സമ്പദ്‌വ്യവസ്ഥയിലൂടെ, ലോകത്തിന് ഇന്ത്യ പ്രതീക്ഷ പകരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. സമ്പദ് വ്യവസ്ഥയുടെ വളർച്ച സുസ്ഥിരവും ശക്തവുമാക്കുക എന്ന പ്രമേയത്തിലൂന്നി സംഘടിപ്പിച്ച ബജറ്റനന്തര വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിരവധി രാജ്യങ്ങളുമായി ഇന്ത്യ ഒപ്പുവച്ച സ്വതന്ത്ര വ്യാപാര കരാറുകൾ അവസരങ്ങളുടെ വലിയ ജാലകം തുറന്നിടുന്നതായി ശ്രീ മോദി വ്യക്തമാക്കി.*

*(ഹോൾഡ് വോയിസ്)*

*കൂടുതൽ ഉത്പാദിപ്പിക്കുക, കൂടുതൽ ബന്ധിപ്പിക്കുക, കൂടുതൽ കയറ്റുമതി ചെയ്യുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഗവേഷണത്തിൽ നിക്ഷേപം വർദ്ധിപ്പിക്കാനും, ഗുണനിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പ്രധാനമന്ത്രി വ്യവസായങ്ങളോട് ആഹ്വാനം ചെയ്തു.*

$$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**WEST ASIA**

**പശ്ചിമേഷ്യയിൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു. ഇസ്രയേൽ-യുഎസ് സേനകൾ ഇറാനിൽ വീണ്ടും മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ നടത്തി. യുഎഇ, കുവൈറ്റ്,**

ബഹറൈൻ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലെ യുഎസ് കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇറാനും ആക്രമണം തുടരുകയാണ്. ഇറാന്റെ മിസൈൽ , നാവിക സന്നാഹങ്ങൾ തകർക്കുകയും, ആണവായുധം സ്വന്തമാക്കാൻ ഇറാനെ അനുവദിക്കാതിരിക്കുകയുമാണ് അമേരിക്കയുടെ ലക്ഷ്യമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു. അമേരിക്കൻ സൈന്യത്തെ വേണ്ടി വന്നാൽ ഇറാനിലേക്ക് അയക്കുന്ന കാര്യം തള്ളിക്കളയാനാവില്ലെന്നും ട്രംപ് വ്യക്തമാക്കി. കഴിഞ്ഞ 48 മണിക്കൂറിനിടെ 1,250 ലക്ഷ്യസ്ഥാനങ്ങൾ ആക്രമണത്തിലൂടെ തകർത്തതായി യുഎസ് പ്രതിരോധ സെക്രട്ടറി അറിയിച്ചു. ബി-2 ബോംബറുകൾ പ്രയോഗിച്ച് ഇറാന്റെ ബാലിസ്റ്റിക് മിസൈൽ സംവിധാനം തകർത്തതായും യുഎസ് സേന പറഞ്ഞു. എന്നാൽ ഇസ്രയേൽ-യുഎസ് ആക്രമണങ്ങളിൽ ഉന്നത നേതാക്കൾ കൊല്ലപ്പെട്ടത് ഇറാനെ ബാധിച്ചിട്ടില്ലെന്നും, ശക്തമായ തിരിച്ചടി നൽകുമെന്നും ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് വ്യക്തമാക്കി. അതിനിടെ സൗദി തലസ്ഥാനമായ റിയാദിലെ അമേരിക്കൻ എംബസിക്ക് നേരെ ഡ്രോൺ ആക്രമണമുണ്ടായി. ഇറാൻ ഇന്നലെ തൊടുത്തുവിട്ട 9 ബാലിസ്റ്റിക് മിസൈലുകളും, 6 ക്രൂയിസ് മിസൈലുകളും, 148 ഡ്രോണുകളും തടയാൻ സാധിച്ചതായി യുഎഇ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$

## DUBAI FLIGHTS RESUMED

ദുബായിൽ നിന്നും അബുദാബിയിൽ നിന്നും ഇന്ത്യയിലേക്കുള്ള വിമാന സർവീസുകൾ പുനരാരംഭിച്ചു. പശ്ചിമേഷ്യയിലെ സംഘർഷത്തെത്തുടർന്ന് യുഎഇയിൽ കുടുങ്ങിക്കിടക്കുന്ന ആയിരക്കണക്കിന് ഇന്ത്യക്കാർക്ക് ഇത് ആശ്വാസമായി. ഡൽഹി, മുംബൈ, ബെംഗളൂരു എന്നിവിടങ്ങളിലേക്കുള്ള വിമാന സർവീസുകളാണ് ആരംഭിച്ചത്. ദുബായ് ഇന്റർനാഷണൽ, അൽ മക്തൂം ഇന്റർനാഷണൽ എന്നീ വിമാനത്താവളങ്ങളിൽ നിന്ന് പരിമിതമായ തോതിൽ സർവീസുകൾ നടത്താനും അനുമതി നൽകിയിട്ടുണ്ട്. ജിദ്ദയിൽ കുടുങ്ങിയ യാത്രക്കാരെ തിരിച്ചെത്തിക്കുന്നതിനായി ഇൻഡിഗോ

ഇന്ന് 10 പ്രത്യേക സർവീസുകൾ നടത്തും. വ്യോമപാതയിലെ സുരക്ഷയും മറ്റ് അനുമതികളും പരിഗണിച്ചായിരിക്കും ഈ സർവീസുകൾ. പശ്ചിമേഷ്യൻ മേഖലയിൽ സംഘർഷ സാഹചര്യം നിലനിൽക്കുന്നതിനാൽ വിമാനങ്ങളുടെ സമയക്രമത്തിൽ മാറ്റം വരാൻ സാധ്യതയുണ്ടെന്നും, യാത്രക്കാർ അതത് എയർലൈനുകളുമായി ബന്ധപ്പെടണമെന്നും അധികൃതർ നിർദ്ദേശിച്ചു.

$$$$$$$$$$$$$$$$$$$$$$

## INDIAN SEAFARERS KILLED

പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ മൂന്ന് ഇന്ത്യൻ നാവികർ കൊല്ലപ്പെടുകയും ഒരാൾക്ക് പരിക്കേൽക്കുകയും ചെയ്തതായി ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ്. വിദേശ കപ്പലുകളിൽ ജോലി ചെയ്തിരുന്നവരാണ് കൊല്ലപ്പെട്ടത്. പേർഷ്യൻ ഗൾഫ് മേഖലയിലും പരിസരത്തും കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ നാവികർക്കിടയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ദ്രുത പ്രതികരണ സംഘത്തെ നിയോഗിച്ചതായും ഷിപ്പിങ്ങ് ഡയറക്ടറേറ്റ് വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$

## ISRAEL STRIKES LEBANON

ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിൽ നടത്തിയ ആക്രമണത്തിൽ പലസ്തീൻ ഇസ്ലാമിക് ജിഹാദ് കമാൻഡർ അബു ഹംസ റാമിയെ കൊലപ്പെടുത്തിയതായി ഇസ്രായേൽ. ഹിസ്ബുള്ള ഇൻറലിജൻസ് തലവനായ ഹുസൈൻ മക്ലഡിനെ വധിച്ചതായും ഇസ്രായേൽ അറിയിച്ചു. ലെബനനിൽ നിന്ന് ഇസ്രായേലിലേക്ക് ഹിസ്ബുള്ള മിസൈൽ ആക്രമണം നടത്തിയതിന് മറുപടിയായാണ്, ബെയ്റൂട്ടിൽ ഇസ്രായേൽ പ്രത്യാക്രമണം നടത്തിയത്.

$$$$$$$$$$$$$$$$$$$$$$

## UN CHIEF-GULF DIPLOMACY

ഇറാൻ യുദ്ധം ആഗോള സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളിൽ ഐക്യരാഷ്ട്രസഭ ആശങ്ക രേഖപ്പെടുത്തി. ഗൾഫ് മേഖലയിലെ നേതാക്കളുമായി യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ

ഗുട്ടറസ് നയതന്ത്ര ചർച്ചകൾ നടത്തി. ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനി, ഒമാൻ വിദേശകാര്യ മന്ത്രി എന്നിവരുമായി ഗുട്ടെറസ് സംസാരിച്ചു. കൂടാതെ ആറംഗ ഗൾഫ് സഹകരണ കൗൺസിലിലെ അംബാസഡർമാരുമായും അദ്ദേഹം ചർച്ച നടത്തി. മധ്യസ്ഥ ശ്രമങ്ങൾക്ക് ഒമാൻ നൽകുന്ന പിന്തുണയ്ക്ക് ഗുട്ടെറസ് നന്ദി അറിയിച്ചു. ഇറാനെതിരെയുള്ള ആക്രമണങ്ങളെയും ഗൾഫ് രാജ്യങ്ങൾക്ക് നേരെയുള്ള ഇറാൻറെ ആക്രമണങ്ങളെയും അദ്ദേഹം ശക്തമായി അപലപിച്ചു.

$$$$$$$$$$$$$$$$$$$$$$

**CBSE-EXAM ADVISORY**

പശ്ചിമേഷ്യയിലെ അസാധാരണ സാഹചര്യം കണക്കിലെടുത്ത് മേഖലയിൽ ഈ മാസം 5, 6 തീയതികളിൽ നടത്താനിരുന്ന 10, 12 ക്ലാസ്സുകളിലെ സി.ബി.എസ്.ഇ പരീക്ഷകൾ മാറ്റിവെച്ചു. ബഹ്റൈൻ, ഇറാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യു.എ.ഇ എന്നീ രാജ്യങ്ങളിലെ നിലവിലെ സാഹചര്യം കണക്കിലെടുത്താണ് തീരുമാനമെന്ന് സി ബി എസ് ഇ അറിയിച്ചു. മാറ്റിവെച്ച പരീക്ഷകൾ എന്ന് നടക്കുമെന്ന കാര്യം ബോർഡ് പിന്നീട് അറിയിക്കും. ഈ മാസം 7-ാം തീയതി മുതൽ നടക്കേണ്ട പരീക്ഷകളുടെ കാര്യത്തിൽ വരുംദിവസങ്ങളിൽ തീരുമാനമെടുക്കുമെന്നും ബോർഡ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......
(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**AATTUKAL PONKALA (INTRO)**

*ആറ്റുകാലമ്മയ്ക്ക് പൊങ്കാലയർപ്പിച്ച് ഭക്തജനലക്ഷങ്ങൾ.*
*പ്രാർത്ഥനാ സാന്ദ്രമായി തിരുവനന്തപുരം നഗരം.*
*വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......*
*(വോയിസ്)*

*രാവിലെ ക്ഷേത്രത്തിൽ നടന്ന ചടങ്ങുകളിൽ മന്ത്രിമാരായ വി ശിവൻകുട്ടി, വി എൻ വാസവൻ, ജി ആർ അനിൽ, മേയർ വി വി രാജേഷ് തുടങ്ങിയവർ പങ്കെടുത്തു. കേന്ദ്രമന്ത്രി ശോഭ കരന്തലജെ ഉൾപ്പെടെയുള്ള പ്രമുഖർ ഇക്കുറി ആറ്റുകാലമ്മയ്ക്ക് പൊങ്കാലയർപ്പിക്കുന്നുണ്ട്.*

$$$$$$$$$$$$$$$$$$$$$$

## HEADLINE-4

## NEW. LUNAR ECLIPSE

ഇന്ന് പൂർണ്ണ ചന്ദ്രഗ്രഹണം. ഇന്ത്യയിൽ ചന്ദ്രഗ്രഹണം ഉച്ചകഴിഞ്ഞ് 3:20-ന് ആരംഭിച്ച്, വൈകുന്നേരം 06:47-ന് അവസാനിക്കും. സൂര്യനും, ഭൂമിയും ചന്ദ്രനും ഒരു നേർരേഖയിൽ വരികയും, ഭൂമിയുടെ നിഴൽ ചന്ദ്രനെ പൂർണമായും മറയ്ക്കുകയും ചെയ്യുമ്പോഴാണ് പൂർണ ചന്ദ്രഗ്രഹണം സംഭവിക്കുന്നത്. ജ്യോതിശാസ്ത്ര പ്രതിഭാസങ്ങളിൽ വളരെ പ്രധാനമായ പൂർണ്ണ ചന്ദ്രഗ്രഹണത്തെ വാനനിരീക്ഷകരും ജ്യോതിശാസ്ത്രജ്ഞരും ഏറെ താത്പര്യത്തോടെയാണ് കാത്തിരിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

## HEADLINE-5

## WORLD WILD LIFE DAY

ഇന്ന് ലോക വന്യജീവി ദിനം. വന്യജീവികളുടെ പ്രാധാന്യം ഓർമപ്പെടുത്തുന്നതിനും, പരിസ്ഥിതിക്ക് അവ നൽകുന്ന സംഭാവനകൾ അംഗീകരിക്കുന്നതിനുമായാണ് എല്ലാ വർഷവും മാർച്ച് 3 വന്യജീവി ദിനമായി ആഘോഷിക്കുന്നത്. വന്യജീവി സംരക്ഷണത്തിന് രാജ്യം പ്രതിബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ലോകത്തെ ഏറ്റവും അസാധാരണമായ ചില വന്യജീവികളുടെ ആവാസ കേന്ദ്രമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു. പരിസ്ഥിതിയുടെയും, ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിന് രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ് വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$

**PM-YOUTUBE SUBSCRIBERS**

യൂട്യൂബിൽ 3 കോടി വരിക്കാർ എന്ന റെക്കോർഡ് നേട്ടവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോളതലത്തിൽ ഈ നേട്ടം കൈവരിക്കുന്ന ഏക ഭരണാധികാരിയാണ് ശ്രീ. മോദി. 66 ലക്ഷം വരിക്കാരുള്ള മുൻ ബ്രസീലിയൻ പ്രസിഡന്റ് ജെയർ ബോൾസോനാരോയാണ് പട്ടികയിൽ രണ്ടാമത്.

$$$$$$$$$$$$$$$$$$$$$$

**HEADLINE-6**

**ICC T-20**

**ICC** ട്വന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കമാവും. ആദ്യ സെമിയിൽ നാളെ ദക്ഷിണാഫ്രിക്ക-ന്യൂസിലാന്റിനെ നേരിടും. മറ്റന്നാളാണ് ഇന്ത്യ - ഇംഗ്ലണ്ട് സെമി പോരാട്ടം . ഈ മാസം എട്ടിനാണ് ഫൈനൽ.

$$$$$$$$$$$$$$$$$$$$$$

**DEFENCE - SEVA SANKALP**

കേന്ദ്ര പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ 'സേവാ സങ്കൽപ്' യോഗം ചേർന്നു. പ്രതിരോധ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$

**AFGHAN PAK CONFLICT**

അഫ്ഗാൻ-പാക് അതിർത്തിയിൽ സംഘർഷം കനക്കുന്നു. പാകിസ്ഥാന്റെ സൈനിക പോസ്റ്റുകൾ അഫ്ഗാൻ സേന പിടിച്ചെടുത്തു. അഫ്ഗാനിസ്ഥാനിൽ പാകിസ്ഥാൻ വ്യോമസേന നടത്തിയ ആക്രമണത്തിന് തിരിച്ചടിയായാണ് ഈ നടപടിയെന്ന് അഫ്ഗാൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

**FRANCE-NUCLEAR DEPLOYMENT**

യൂറോപ്പിൻറെ സുരക്ഷ മുൻനിർത്തി ഫ്രാൻസിന്റെ ആണവായുധ ശേഖരം വർദ്ധിപ്പിക്കുമെന്ന് പ്രസിഡന്റ് ഇമ്മാനുവൽ

മാക്രോൺ. ആണവായുധം വഹിക്കാൻ ശേഷിയുള്ള ഫ്രഞ്ച് യുദ്ധവിമാനങ്ങൾ ചരിത്രത്തിലാദ്യമായി സഖ്യരാജ്യങ്ങളിൽ താൽക്കാലികമായി വിന്യസിക്കാൻ അനുമതി നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. യുക്രൈനിലെ റഷ്യൻ അധിനിവേശവും അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായുള്ള നയതന്ത്രപരമായ അസ്വാരസ്യങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിലാണ് പ്രഖ്യാപനം. 2020-ൽ ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിന്ന് പുറത്തുപോയതോടെ, നിലവിൽ യൂണിയനിലെ ഏക ആണവശക്തിയാണ് ഫ്രാൻസ്.

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$

$$$$$$$$